**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സർവ്വീസിലിരിക്കെ അംഗവൈകല്യം സംഭവിച്ച തിരുവനന്തപുരം വികസന അതോറിറ്റിയിലെ അസി. എഞ്ചിനീയർ ശ്രീ. മാമ്മൻ ജോസഫിനെ ഡിസെബിലിറ്റീസ് അക്റ്റ് 1995, സെക്ഷൻ 47 പ്രകാരം അഡ്ജസ്റ്റ് ചെയ്യുന്നതിനായി ട്രിഡയിൽ ഒരു അസി. എഞ്ചിനീയറുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്)നം. 51/2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 06/03/2017**

---

പരാമർശം:-1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 22.03.2011 ,19.02.2015 തീയതികളിലെ എ 1/290/2001/ട്രിഡ നമ്പർ കത്ത്

2.തിരുവനന്തപുരം വികസന അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മാമ്മൻ ജോസഫ് സമർപ്പിച്ച 18.02.2015 തീയതിയിലെ നിവേദനം

**ഉത്തരവ്**

(1) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ബിൽഡിംഗ് ഇൻസ്പെക്ടർ തസ്തികയിൽ 20.11.1997 -ൽ തിരുവനന്തപുരം വികസന അതോറിറ്റി സർവ്വീസിൽ പ്രവേശിച്ച ശ്രീ. മാമ്മൻ ജോസഫ് വിശാല കൊച്ചി വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന കാലയളവിൽ സർവ്വീസിനിടെ രണ്ടു കണ്ണുകളിലും രാസമിശ്രിതം വീഴുകയും, മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് 100% കാഴ്ച നഷ്ടപ്പെട്ട അവസ്ഥയെ തുടർന്ന് ചികിത്സാർത്ഥം ടിയാൻ ശൂന്യവേതനാവധിയിൽ തുടർന്നുവരികയുമാണ്.

(2) തന്റെ അവസ്ഥ പരിഗണിച്ച് സർക്കാർ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ തന്നെ അഡ്ജസ്റ്റ് ചെയ്ത് ഡിസബിലിറ്റീസ് ആക്റ്റ് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് ട്രിഡാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകണമെന്നും അല്ലെങ്കിൽ നിലവിലുള്ള നിയമങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് തന്റെ മകന് കംപാഷണേറ്റ് ഗ്രൗണ്ടിൽ ജോലി നൽകണമെന്നും കൂടാതെ തന്നെ നേരിൽ കേൾക്കണമെന്നും ശ്രീ. മാമ്മൻ ജോസഫ് പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. അതിൻപ്രകാരം ശ്രീ. മാമ്മൻ ജോസഫിനെ നേരിൽ കേട്ടപ്പോൾ സർവീസിൽ നിന്നും വിരമിക്കാൻ ഇനി 4 വർഷം കൂടിയെ ബാക്കിയുള്ളൂ എന്നതിനാൽ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് തന്റെ മകന് കംപാഷണേറ്റ് ഗ്രൗണ്ടിൽ ജോലി നല്കണമെന്ന് അപേക്ഷിക്കുകയുണ്ടായി.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മാമ്മൻ ജോസഫിന്റെ മകന് കംപാഷണേറ്റ് ഗ്രൗണ്ടിൽ ജോലി നല്കാൻ നിലവിലെ ചട്ടങ്ങൾ പ്രകാരം സാദ്ധ്യമല്ലായെന്നതിനാലും, ടിയാന് സർവീസിൽ നിന്നും വിരമിക്കാൻ ഇനി 4 വർഷം കൂടിയെ ബാക്കിയുള്ളൂ എന്നതിനാലും ടിയാന്റെ ഇപ്പോഴത്തെ ആരോഗ്യ സ്ഥിതി കണക്കിലെടുത്തു കൊണ്ടും ഡിസെബിലിറ്റീസ് അക്റ്റ് 1995, സെക്ഷൻ 47 ൽ അനുശാസിക്കുന്ന പ്രകാരം, സർവ്വീസിലിരിക്കെ അംഗവൈകല്യം സംഭവിച്ച തിരുവനന്തപുരം വികസന അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.മാമ്മൻ ജോസഫിനെ അഡ്ജസ്റ്റ് ചെയ്ത്

എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിലേയ്ക്കായി ട്രിഡയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ടി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി , തിരുവനന്തപുരം
ശ്രീ.മാമ്മൻ ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ട്രിഡ, തിരുവനന്തപുരം (സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതുഭരണ(എസ്.സി)വകുപ്പ്
(01.03.2017 ലെ മന്ത്രിസഭായോഗത്തിലെ ഇനം നമ്പർ:761 പ്രകാരം)
ധനകാര്യ വകുപ്പ് ( 04.01.2017 ലെ ധെവ-1/252/2015-ധന നമ്പർ ഫയലിലെ റിമാർക്സ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**